# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3334** **25.06.2012 ൽ മറുപടിക്ക്**

## മണ്ഡല ആസ്തി വികസന പദ്ധതി

**ചോദ്യം**

ശ്രീ. പി.റ്റി.എ. റഹീം

**ഉത്തരം**

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി
ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | മണ്ഡല ആസ്തി വികസന പദ്ധതിയിൽ 5 വർഷത്തേയ്ക്ക് 25 കോടി രൂപയുടെ പദ്ധതികൾ മുൻകൂട്ടി തെരഞ്ഞെടുക്കാൻ എം.എൽ.എ. മാർക്ക് അനുമതി നൽകുമോ; | ഓരോ വർഷവും ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ വ്യതിയാനമുണ്ടാകുന്നതിനാൽ 5 വർഷത്തെ പ്രവൃത്തികൾ മുൻകൂട്ടി നിർദ്ദേശിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ഒരു വർഷത്തെ മുഴുവൻ പ്രവൃത്തികളും ഒന്നിച്ച് നിർദ്ദേശിക്കുന്നത് പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സഹായകരമായിരിക്കും. |
| ബി. | ഓരോ വർഷവും 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ ഏതെല്ലാം ഗൈഡ് ലൈനാണ് നിലവിലുളളത്? | 11.06.2012-ലെ ജി.ഒ.(പി)നം.332/2012/ധന, 12.06.2012-ലെ ജി.ഒ.(പി)നം.337/2012/ധന. എന്നീ ഉത്തരവുകൾ പ്രകാരം ഇത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ